# ധ്വനി

## ഡിജിറ്റൽമാഗസിൻ



## ജി എച്ച്.എസ്.എസ് മമ്പറം.

ധ്വനി 2020

# LITTLE KITES

# Digital Magazine 2019-20

## Govt. Higher Secondary School, Mambram

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



ധ്വനി 2020



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

ധ്വനി 2020

# ആമുഖം

സർഗാത്മകത അറിവിൻെറ സൗന്ദര്യമാണ്. ചിന്തയുടെയും ഭാവനയുടെയും വെളിച്ചം നേടുന്നതിലൂടെ ഓരോ വിദ്യാർത്ഥിക്കും പഠനത്തെ അതിൻെറ ആഴത്തിൽ തന്നെ ഉൾക്കൊള്ളുമെന്നതിൽ സംശയമില്ല. പാഠപുസ്തകത്തിൽ നിന്ന് ആർജിച്ച വിജ്ഞാനങ്ങൾക്കൊപ്പം പുതിയനിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ സ്വതന്ത്ര രചനകൾ കുട്ടികൾക്ക് പ്രചോദനമാകും. കഥ, കവിത, ലേഖനം തുടങ്ങിയ ഭാഷാ വ്യവഹാരങ്ങളിൽ കുട്ടികൾ സ്വാഭാവികമായും എത്തിച്ചേരണമെന്നില്ല. പലരും അവസരങ്ങളെ വിനിയോഗിക്കുക വഴി തേജോമയമായ ഒരു ഇടത്തിൽ എത്തിച്ചേരുകയാണ് ചെയ്യാറ്. ഇതിലേക്കുള്ള സുഗമമായ ഒരു വഴിയാണ് സ്കൂൾ മാഗസിനുകൾ. കൈയെഴുത്ത് മാഗസിൻ, പ്രിൻറഡ് മാഗസിൻ എന്നിവ ഇത്തരത്തിലാണ് പ്രയോജനപ്പെടുത്തിവരുന്നത്. എന്നാൽ പുതിയകാലത്തിൻെറ അവിരുചികളെ തൃപ്തിപ്പെടുത്തുന്ന, വിദ്യാർത്ഥികളുമായി നിരന്തരം സംവധിക്കുന്ന ഒരു മാധ്യമമെന്നനിലയിൽ ഇ. മാഗസിൻെറ പ്രസക്തി ഇന്ന് വളരെ വലുതാണ്. ഈ അർത്ഥത്തിൽ ജി. എച്ച്. എസ്. എസ്. മമ്പറം പ്രസിദ്ധീകരിക്കുന്ന 'ധ്വനി' എന്ന ഡിജിറ്റൽ മാഗസിൻ നൽകുന്ന പ്രതീക്ഷ വലുതാണ്. അക്കാദമികമായി ശാക്തീകരിക്കപ്പെട്ട ക്യാമ്പസിൻെറ സദ്ഫലമായി ഞങ്ങളുടെ 'ധ്വനി'യെ നിങ്ങൾ സ്വീകരിക്കുക.

# സന്ദേശം

പൊതു വിദ്യാഭ്യാസരംഗം വലിയൊരു പരിവർത്തന ഘട്ടത്തിലാണ്. അക്കാദമികമായ മികവുകൾക്കൊപ്പം ഇന്ന് സാംസ്കാരികമായ ഉണർവ്വുകളും എല്ലാം വിദ്യാലയങ്ങളിലും പ്രകടമാണ്.ഈ ദിശയിലുള്ള മികച്ച പ്രവർത്തനമാണ് ഈ മാഗസിൻ വിദ്യാർഥികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിലൂടെ ഓരോരുത്തരിലുമുള്ള പ്രതിഭയ്ക്ക് കിട്ടുന്ന ഒരു വലിയ അംഗീകാരം തന്നെയായി ഇതു മാറുകയാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും.

**സുനിൽകുമാർ കെ എം**
**ഹെഡ്മാസ്റ്റർ**



# ധ്വനി 2020

## താളുകൾ മറിക്കുമ്പോൾ


കവിത.....6
സമയം.....6
പേടി.....7
 മലയാളക്കര.....8
गौदान -प्रमचंद.....9
ഭാർഗ്ഗവീനിലയം.....10
S P C പ്രവർത്തനം :.....14
അടുപ്പ്പുകയുമ്പോൾ.....16
അടുപ്പ് പുകയുമ്പോൾ.....17
കവിത പായൽ അൻസിയ.എൻ.അശോക്.....18
 ജ്വലിക്കാനായി.....20
കവിത.....22
മലയാളക്കര.....22
ശ്രാവണ ജ്യോത്സന.....24
പുഴയുടെ തീരാത്ത പ്രതീക്ഷ.....24
സ്കൂൾ കാർഷിക ക്ലബ്.....26
യോഗപരിശീലനം.....28
കരനെൽകൃഷി.....29
നല്ലപാഠംകാരുണ്യപ്രവർത്തനം.....30

ധ്വനി 2020

കവിത

സമയം

## പി.എം. സജിത്കുമാർ



നിങ്ങൾ നടക്കുകയാണ്
റോട്ടിൽ
നട്ടുച്ച സമയം
ഫോൺ കോളുകൾ
മീറ്റിംഗ്
കല്യാണം
വീട്ടുത്തരവാദിത്വങ്ങൾ...
പെട്ടെന്നൊരു വണ്ടി മുന്നിൽ
ഒരു മിന്നായം പോലെ ഓർമ്മ.
ആരുടെയോ സമയമൊപ്പിക്കാനുള്ള
ധൃതിച്ചക്രത്തിരിച്ചിലിൽ
നിങ്ങളൊന്നു പിടഞ്ഞുവോ?
നേരത്തെയുള്ള അതേ കോളുകൾ
മീറ്റിംഗ്
കല്യാണപ്പുര
വീട്, ബന്ധുക്കൾ...
ചോദ്യമൊന്നുമാത്രം
**" എപ്പോഴെടുക്കും?"**

ധ്വനി 2020

## പേടി



ശ്രാവണ ജ്യോത്സ്ന.എസ്

രാത്രിയിൽ ഉണർന്നു പോയി
വെളിച്ചം പരത്തുന്ന നിലാവിനെ നോക്കി ഞാനിരുന്നു.
ഓർത്തു പോയി ചിലരുടെ കുട്ടിക്കാലം
രാക്ഷസൻമാരുടെ കാലം.
പുഞ്ചിരിയുമില്ല ഉറക്കവുമില്ല
എന്റെ കണ്ണിലെ തീ അണയുന്നില്ല.
നദിയുടെ നാദം കേട്ടാലും പേടി
ഓർക്കുന്നു ഞാൻ മനുഷ്യരുടെ കോപവും വിഷമവുമെല്ലാം...
കുട്ടികൾ കളിക്കുന്നില്ല പഠിക്കുന്നില്ല
എന്നും പേടി മാത്രം.
സുന്ദര സ്വപനം കാണാൻ കഴിയുന്നില്ല
സസ്യങ്ങൾ പൊന്നു വിളയിക്കുന്നില്ല
ജീവജാലങ്ങൾ പേടിച്ചിരിക്കുന്നു
പരമാർഥം പറയാനാരുമില്ല.
ദുഷ്ടശക്തികൾ വരുന്നു ജീവിതത്തിൽ
ആ നേരം സത്യവും ധർമ്മവും ശിലയായിരിക്കുന്നു.
എല്ലാവരും അടിമയായി വാഴുന്നു.
അധർമ്മത്തിന്റെ നിഴലായി മാറുന്നു ജനങ്ങൾ....

8ജി.എച്ച്.എസ്. മമ്പറം

## മലയാളക്കര

**ശ്രീതിക.എസ്**

**പുഴകളും കായലും നിറഞ്ഞതാണെൻ്റെ**
**മലയാളഭൂമി**
**പുഴകളും കായലുകളും നിറഞ്ഞതാണെൻ്റെ**
**മലയാളഭൂമി**
**മാമലകൾക്കപ്പുറം ഒരു കൊച്ചു നാടുണ്ട്**
**അതാണെൻ്റെ മലയാളഭൂമി.**
**അതാണെൻ്റെ മലയാളഭൂമി (പുഴകളും)**
**കിളികൊഞ്ചും മലയാള ഭംഗി**
**മലർമന്ദമായ് വിരിയുന്ന വേളകളിൽ**
**പൊന്നിൻ കതിർക്കുല നൃത്തമാടും**
**നല്ല പാടങ്ങളും നല്ല പൂനിലാവും**
**മഞ്ഞക്കുറിയിട്ട മാനവും പിന്നെ**
**നല്ല നല്ല പുലരികളും**
**പാടുന്ന മലയാളഭൂമി ഇത്**
**ആടുന്ന മലയാളഭൂമി ഇത്.**
**കേരളം കാണുവാനെന്തു ഭംഗി**
**ഹയ്യ കേരളം കാണുവാനെന്തു ഭംഗി.**

गोदान   -प्रमचंद

पर खीचे ऐतिहारिक पद-चिहानो का उदत्व भाव-सौंदय्र प्र गोदान उपन्यस भारतीय क्रषक जीवन के अनुभूत याथात्थ की गाया है । इसका नायक हॊरी है जो भारतीय किसानों का प्रतिनिधि है ।होरी जीवन के आरंभ से लेकर अपनि अंतिम सांस तक कटिन मेहनत करता है,फिर भि वह अपने बच्चों को पेट-भर रोटी नहीं खिला सकता । उसकी गर्दन .जमीदारों के पैरों नीचे दबती रहती है।जिदगी भर वह दबात का शिकार बना रहता है। गोदान के प्ररंभ में होरी .जमीदार से मिलकर अपना दुगडा रोने निकल पडता है।लेकिन ग्रामीण त्योहार मानने के बहाने .जमीदार होरी से पैसा मांगता है।क्रषक मरजाला के नाम पर वह विवशलाश पैसा देता है।उसके मन में एक गाय खरीदने की अदम्य लालसा थी।इस अंतरंग मोह पर गहरा धक्का लगा।फिर भी गाय अपनाने की चाह बलवती होती फ्रमिक विकास-यात्र गोदान को औपन्यासिक फसकदान करती है। गोदान में होरी के दुखांत की कारुणिक तस्वीर खीचने के साथ उनेक प्रसांतिक कथओं के गौण के जीवन की गातिविगतियों का थी चित्तण किया गया है।

ഭാർഗ്ഗവീനിലയം

## ബഷീർ തിരക്കഥ

പ്രശസ്ത എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിൻെവിഭാഗത്തിൽപ്പെടുന്നകൃതിയാണ്ഭാർ ഗ്ഗവീനിലയം.പേരിൽ പറയുന്നതുപോലെ തന്നെ ഭാർ ഗ്ഗവിയുടെ നിലയത്തെക്കുറിച്ചാണ് തിരക്കഥയിൽ പരാമർശിക്കുന്നത്

ഒരു സാഹിത്യകാരനിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. സാഹിത്യകാരൻ തൻെറ സൃഷ്ടികളൊക്കെയും കുറിക്കാനായി ഒരു സ്ഥലം അന്വേഷിച്ചുനടക്കവേ ഭാർഗ്ഗവീനിലയത്തിലാണ് അദ്ദേഹം എത്തിയത് . രണ്ട് മാസത്തെ വാടക കൊടുത്ത്അദ്ദേഹംഅവിടെതന്നെ നിലയുറപ്പിക്കാൻ തീരുമാനിച്ചു.ഭാർഗ്ഗവീനിലയം.......ഭയം തോന്നിക്കുന്ന പുരാതനമായഒരുവീട്.സാഹിത്യകാരനവീട്ടിലുതാമസി ക്കുന്നതുംപലഎതിർപ്പുകളുംഉണ്ടായിരുന്നു.പ്രേതമാ ണെന്നുംകൊല്ലുമെന്നും.ഇതിനുമുൻപ്ആളുകൾ മരണപ്പെട്ടിട്ടുണ്ടെന്നും

ഒക്കെ . സാഹിത്യകാരൻ അവിടെ താമസിക്കുന്ന താൻഒറ്റക്കല്ലെന്നുംഭാർഗ്ഗവി തൻെറ കൂടെയുണ്ടെന്നും അദ്ദേഹത്തിനറിയാമായിരുന്നു.ഭാർഗ്ഗവിയുടെ മരണത്തിൻെറ ഉറവിടം കണ്ടെത്താനും അതിനെ ഒരുകൃതിയാ ക്കണമെന്നുംഅയാള്ക്കുണ്ടായരുന്നു.നാട്ടുകാരൊക്കെയും അവള്പ്രേമത്തെത്തുടര്ന്നായിരുന്നആത്മഹത്യചെയ്തുവെ ന്നായിരുപറഞ്ഞത്.അതുംകിണറ്റില് .ശശികുമാറായിരുന്നു അവളുടെ കാമുകൻ. അവൾ അവനുമായി അഗാഥമായ സ്നേഹത്തിലായിരുന്നുഅവളറിയാതെഅവളുടെമുറച്ചെറു ക്കന്അവളെപ്രേമിക്കുകയുംകല്ല്യണംകഴിക്കാനാഗ്റഹി ക്കുകയുംചെയ്തിരുന്നു.അവളുടെപ്രേമംഅവനറിയാമായിരു ന്നു.ഒരിക്കൽഭാർഗ്ഗവിക്ക് തൻെറ കിടപ്പുമുറിയില്നിന്നൊരു കാത്ത്കിട്ടി"മരണമടുത്തിരിക്കുന്നു".ഇതിൽ പേടിച്ചുവിറച്ച ഭാർ ഗ്ഗവിക്ക് ശശികുമാറിനെ വിളിച്ച് കാര്യംപറയുകയും എവിടെക്കെങ്കിലും പോകാനും പറഞ്ഞു ശശികുമാർ യാത്റയാകുന്നതും നാരായണൻകുട്ടിയറിഞ്ഞു. ശശികുമാർ യാത്റയി ഒരു വിവരവും പിന്നീട് ലഭിച്ചിട്ടുമില്ല.അവൾ രാത്റിഊഞ്ഞാലിരുന്ന്ശശികുമാറിനെആലോചിച്ചിരുന്നു. അപ്പോള്ഇരുട്ടത്തൊരുരൂപംപതിയെനടന്നുവരുന്നു.നാരാ യണൻകുട്ടി."ട്രെയിനിൽ വടച്ച് ശശികുമാറിനെ ഞാൻ

കൊന്നു. അവനെ കാത്തിരിക്കേണ്ട.നീ എന്നെ കല്ല്യണം കഴിക്കാമോയെന്നുംആവശ്യപ്പെട്ടു."അവളതിനവിസമദതവം കാട്ടിഅമ്മയെഉറക്കെവിളിച്ചു. നാരായണൻകുട്ടി അവളുടെ വായപൊത്തിപ്പിടിച്ച്കഴുത്തഞെക്കികൊന്ന്കിണറ്റിൽ തള്ളിയിട്ടു.

നാട്ടുകാർ അവൾ ആത്മഹത്യചെയ്തുവെന്നാണ് കരുതിയത് .സാഹിത്യകാരൻ എല്ലാം അറിഞ്ഞു . നാരായണൻകുട്ടി സാഹിത്യകാരൻ എല്ലാം അറിഞ്ഞു എന്നുമനസ്സിലാക്കി സാഹിത്യകാരനെ കൊല്ലാനായെത്തുന്നു എന്നാൽ സാഹിത്യകാരൻ നാരായണൻകുട്ടിയെ കിണറ്റിൽ തള്ളിയിട്ടു കൊന്നു. ഭാർഗ്ഗവീനിലയം പ്രകാശപൂരിതമായി.ഉള്ളിൽ ചിലങ്കകളുടെ ശബ്ദം. ഭാർഗ്ഗവി ഉള്ളിൽ നൃത്തം ചെയ്യുന്നു.സാഹിത്യകാരൻ തൻെറ കൃതി പൂർണ്ണമായും എഴുതാനുള്ള സമയവുമായി.

ഈ കൃതി പിന്നീട് സിനിമയായി . തിരക്കഥ അവസാനം വരെ വായിച്ചാൽ വായനക്കാരെ കാത്തിരിക്കുന്നത് ഒരു ഉഗ്രൻ സസ്പെൻസായിട്ട് നാരായണൻകുട്ടിയെയാണ്. ഭാർഗ്ഗവിയുടെയും ശശികുമാറിൻെറയും പ്രേമത്തെ തകർത്ത വില്ലൻ കഥാപാത്രം ആളുകളറിയാതെ പോയ ക്രൂരകഥാപാത്രം .വളരെയധികം ലളിതമായ ആലങ്കാരിക

ഭാഷയാണ് തിരക്കഥയിലെ പ്രധാന സവിശേഷത. വായനക്കാരിൽ അനുഭവപ്പെടുന്നത്.

ബാഗ്ദാദിലെയും ബസ്രായിലെയും കൈരോപ്പിലെയും വഴിവക്കിലെ അലങ്കരിച്ച കൂടാരങ്ങളിൽ സുഗന്ധ പൂരണ്ട അർദ്ധവെളിച്ചത്തിൽ കഥപറഞ്ഞിരുന്ന അജ്ഞാതരായ പ്രതിഭാശാലികളിലാണ് ബഷീറിന്റെ കലയുടെ അടിവേരുകൾ അന്വേഷിച്ചൽ നാം എത്തുന്നത് . എന്ന് എം.ടി വാസുദേവൻ നായർ അഭിപ്രായപ്പെട്ടിട്ടുണ്ട് .

ബഷീർ തന്റെ കൃതികളിലൂടെ വായനക്കാരുടെ മനസ്സിൽ സുഗന്ധമായ അനുഭൂതി നിറയ്ക്കുന്നതാൽ തുറന്നുവച്ചു കൊണ്ട് സഞ്ചരിക്കുന്ന വേറിട്ട വഴികളിലൂടെയാണ് നാം വായനക്കാർ സഞ്ചരിക്കുന്നത്

# S P C - പ്രവർത്തനം

ജി. എച്ച്. എസ്. എസ്. മമ്പറത്തിനു ലഭിച്ച ഏറ്റവും വലിയ മികവുകളിൽ ഒന്നാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റ്. കൂത്തുപറമ്പ് പോലീസ് സ്റ്റേഷനു കീഴിലുള്ള ഏക s p c യൂനിറ്റാണ് വിദ്യാലയത്തിനുള്ളത്. എം. ശങ്കരനാരായനണൻ മാസ്റ്റർ, കെ. സരശ്രി ടീച്ചർ എന്നിവരാണ് s p c യുടെ സ്കൂൾ ഓഫീസർമാരായി പ്രവർത്തിക്കുന്നത്. ശനി, ബുധൻ ദിവസങ്ങളിൽ പോലീസ് ഓഫീസർമാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. ലഹരി ബോധവൽക്കരണം, നിയമബോധവൽക്കരണം, വിവിധ സന്ദേശ-വിളംബര ജാഥകൾ s p c യൂണിറ്റ് സംഘടിപ്പിച്ചു. ക്രിസ്തുമസ് വെക്കേഷന് ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു.

ധ്വനി 2020





ധ്വനി 2020

**അമൽ.കെ**

**അടുപ്പ്പുകയുമ്പോൾ**

സ്നേഹിക്കാനറിയുന്നപാവമാ
മമ്മയെ ഏറെയിഷ്ടം
മറക്കാനാവാത്ത പാഠങ്ങൾ
പറയുന്ന പാവമാം നന്മയാണമ്മ
ഒരു നോക്ക് കാണാനായി
ഒരു വാക്ക് മിണ്ടാനായി
നന്മയുടെ പാഠം പറയുമമ്മ
തിന്മയിൽ ശത്രും വാണമ്മ
സ്നേഹിക്കാനറിയുന്നപാവമാ-
മമ്മയെ ഏറെയിഷ്ടം...
നന്മയ്ക്ക വഴികാട്ടിയാണമ്മ

## അടുപ്പ് പുകയുമ്പോൾ

അടുപ്പ്  പുകയുന്നതുപോലെ
ഇന്നുമെൻ  അമ്മ  നീറി  നീറിയെരിയുന്നു
നീറി  നീറിയെരിയുന്ന  ജീവിതം
അന്ത്യമില്ലതെ അലഞ്ഞുകൊണ്ടേന്നു
വിറകുകൾ കത്തിയെരിയുന്നതുപോലെ തന്നെ
എന്റെഅമ്മയും കത്തിയെരിയുന്നു
ആരുമില്ലാതെന്നൊരുജിവിതം
നീറിനശിക്കുമാ കാലഘട്ടത്തിൽ
തണലായി തി നശിപ്പിക്കുന്ന വെള്ളമായി
എൻ അച്ഛൻ അവിടെ പ്രത്യക്ഷപ്പെടുന്നു

കവിത

# പായൽ

അൻസിയ.എൻ.അശോക്

എന്നെ കാണുന്ന കണ്ണുകളുടെ സ്ഥായിഭാവം
പുച്ഛവും വെറുപ്പുമായിരുന്നു......
ഇന്നും അതേ......
എന്റെ അതിജീവനത്തെ അവരെന്നും
പരിഹസിച്ചിരുന്നു. അലസതയുമായി
ഉപമിച്ചിരുന്നു.
ഇന്നും അതേ......
എന്റെ വ്യക്തിത്വവും എന്റെ അന്തസ്സത്തയും
ഈ മണ്ണിന്റേതെന്ന് അവർ
അവഗണിച്ചിരുന്നു.

ഇന്നും അതേ......

എൻെറ സ്വപ്നവും എൻെറ ലക്ഷ്യവും

നിഷ്കൃഷ്ടമെന്നവർ വിശ്വസിച്ചിരുന്നു.

ഇന്നും അതേ......

എൻെറ ജീവിതം അവരുടെ വിരലാൽ

തകർക്കുക സാധ്യമായിരുന്നു.

ഇന്നും അതേ.....

എന്നിട്ടും, എന്നിട്ടും, എന്നിട്ടും

ഞാനാ മതിലിനെ സ്നേഹിച്ചു.

അവരുടെ എല്ലാ എതിർപ്പിനേയും മറികടന്ന്

എൻെറ ഹൃദയത്തിൽ നിന്നും വേരുകളാഴ്ത്തി

ആ ശോകമേഘവും,കറുത്തകാട്ടും

എനിക്ക് കൂട്ടുനിന്നു.



## ജ്വലിക്കാനായി

ഒടുവിൽ ഏതോ രാവിന്റെ ഓർമ്മയിൽ
ആ അടുപ്പും പുകഞ്ഞു തുടങ്ങി
പകലിന്റെ തണുത്ത ക്ളോസപ്പ് ഷോട്ടിലെ
നിറങ്ങൾ മങ്ങുന്നു...
അതുവരെമൂടിവച്ചചിന്തകൾക്ക്
കൈകാലുകൾമുളച്ചുതുടങ്ങി....
എങ്ങോമറഞ്ഞുപോയ,മകന്റെ
സ്വരംകാതുകളിൽആർത്തുലച്ചു
കൈയ്യിലെഇത്തിരിവെട്ടത്തിൽമാത്രം
ഘടിപ്പിച്ചആമുഖത്തിന്റെപ്രഭചോർന്നുപോവുന്നു
അമ്മതൻമനസ്സിലെഅടുപ്പുകൾപുകയുന്നു....
മനസ്സിൻ ഇരുനാഴികളിൽ
അന്തർലീനമായ,
വേവലാതികളുടെ കൊടുമുടികൾ
ഇടിഞ്ഞുവീഴുന്നു.
ആരോ പറഞ്ഞു.....

ഫോണിലുള്ളത് 'ആപ്പ്സ്'ആണെന്ന്
നിർവികാരമാം ഭാവം അവനിൽ വീണ്ടും
ദൂരെ പറന്ന കിളിയുടെ സ്വരം
അവന്റെ കൈയ്യിൽ നിന്നും
ആഗ്രഹങ്ങൾ എങ്ങോ മറഞ്ഞുപോയി
പ്രതീക്ഷകൾക്കിനിയിടമുണ്ടോ...?
പുകയുകയാണ് ചിന്തകൾ
ഏതോ ദു:ഖസഞ്ചാരത്തിന്റെ നിഴൽ
പ്രതീക്ഷയെന്ന മൂന്നക്ഷരങ്ങൾ
എങ്ങോമറഞ്ഞു
ഏതോ ദു:ഖത്തിൽ അന്തർലീനമായ
തീനാളത്തിന്റെ ചൂട്
കണ്ണീർ രൂപത്തിൽ പുറത്തുവന്നു
ആ അടുപ്പുകൾ പുകഞ്ഞുകൊണ്ടിരിക്കുന്നു
എന്നോ ജ്വലിക്കാനെന്നോണം
മനസ്സിന്റെ ഇരുനാഴികളിൽ തീനാളങ്ങൾ
ജ്വലിക്കാനായി ഉതിർന്ന കനലുകൾ.

## കവിത

## മലയാളക്കര

പുഴകളും കായലും നിറഞ്ഞതാണെൻെറ
മലയാളഭൂമി
പുഴകളും കായലുകളും നിറഞ്ഞതാണെൻെറ
മലയാളഭൂമി
മാമലകൾക്കപ്പുറം ഒരു കൊച്ചു നാടുണ്ട്
അതാണെൻെറ മലയാളഭൂമി.
അതാണെൻെറ മലയാളഭൂമി ...(പുഴകളും)
കിളികൊഞ്ചും മലയാള ഭംഗി
മലർമന്ദമായ് വിരിയുന്ന വേളകളിൽ
പൊന്നിൻ കതിർക്കുല നൃത്തമാടും
നല്ല പാടങ്ങളും നല്ല പൂനിലാവും
മഞ്ഞക്കുറിയിട്ട മാനവും പിന്നെ
നല്ല നല്ല പുലരികളും
പാടുന്ന മലയാളഭൂമി ഇത്
ആടുന്ന മലയാളഭൂമി ഇത്.
കേരളം കാണവാനെന്തു ഭംഗി
ഹയ്യ കേരളം കാണവാനെന്തു ഭംഗി.

ധ്വനി 2020

**ശ്രാവണ ജ്യോത്സന**

**പുഴയുടെ തീരാത്ത പ്രതീക്ഷ**

ഞാൻഒഴുകുന്നവനത്തിലൂടെഇലകളോടുകൂടി.
വളഞ്ഞവഴിയൊന്നുമല്ലഎൻെറജീവിതം
മനുഷ്യൻെറപ്രവൃത്തികളിലൂടെകാണുന്നു
ഞാൻസ്നേഹത്തിൻെറപ്രകാശം
അണയുന്നില്ലവിളക്കുകൾഎൻെറമനസ്സും
മരങ്ങളുംചെടികളുംപൊന്നും
വിളയിക്കുമ്പോൾഎനിക്കുണ്ടാകുന്നു
ഒരുപുഞ്ചിരി
ജീവജാലങ്ങൾക്ക്ദാഹമകറ്റാനും
ഞാൻവേണം
പ്രക്രൃതിയുടെസൗന്ദര്യത്തിലെ
ഒരംഗമാണ്ഞാനും
മനുഷ്യൻവലിച്ചെറിയുന്നമാലിന്യങ്ങൾ
എൻെറദേഹത്തേക്ക്
എൻെറദുഃഖങ്ങൾആരറിയുന്നു
ഒരുനാൾഞാൻപ്രകാശിക്കും
ഞാൻപോകുന്നുഅവസാനിക്കാത്ത
വഴിയിലൂടെ
അണയാത്തപ്രകാശത്തിലൂടെ
തീരാത്തപ്രതീക്ഷയോടെ
ഞാനിതായാത്രയാകുന്നു......

ജി.എച്ച്.എസ്. മമ്പറം

## സ്കൂൾ കാർഷിക ക്ലബ്






ധ്വനി 2020


ഗവ:ഹയർ സെക്കണ്ടറി സ്കൂൾ
ആയിത്തര മമ്പറം
മാങ്ങാട്ടിടം കൃഷിഭവന്റെ സഹകരണത്തോടെ നടത്തുന്ന
ജൈവപച്ചക്കറി
2019



ധ്വനി 2020

## യോഗപരിശീലനം





## കരനെൽകൃഷി





## നല്ലപാഠംകാരുണ്യപ്രവർത്തനം






ധ്വനി 2020

# ഞങ്ങളുടെപൂന്തോട്ടം





# *Plastic Collection*






ധ്വനി 2020

അക്ഷരങ്ങൾ കാലത്തിനും ചരിത്രത്തിനും നിറം കൊടുക്കുന്ന മാന്ത്രിക ചിഹ്നങ്ങളാണെന്ന് ഓരോ വായനയും നമ്മെ ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും ഇവിടെ പിന്നിട്ട ഓരോ താളിനും ഏറെ സ്വപ്നങ്ങളുണ്ടായിരുന്നു. അവയോടൊപ്പം അടയിരുന്ന മനസ്സുകളുണ്ടായിരുന്നു' അവ സാർത്ഥകമാവുന്നത് നിങ്ങളിലാണ്.
വായനയ്ക്ക് നന്ദി
ഈ രൂപപ്പെടലിന് ഒപ്പം നിന്ന എല്ലാവർക്കും നന്ദി........

പ്രസീന. കെ
ചീഫ് എഡിറ്റർ